Madhyamam 28/03/2020
2020 ഫെബ്രുവരി 28 ● വെള്ളി

# സ്വദേശി ശാസ്ത്ര കോൺഗ്രസ് തുടങ്ങി



*29ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസ് കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു*

**കാസർകോട്:** ശാസ്ത്രവും കണ്ടുപിടിത്തങ്ങളും ജനങ്ങൾക്കു ഉപകാരപ്രദമാകാനുള്ള ആത്മാർഥമായ ശ്രമങ്ങൾ ഉണ്ടാകണമെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ. കാസർകോട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ (സി.പി.സി.ആർ.ഐ) ആരംഭിച്ച 29ാമത് സ്വദേശി ശാസ്ത്ര കോൺഗ്രസ് ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. കണ്ടുപിടിത്തങ്ങൾ ജനങ്ങളിലും ബന്ധപ്പെട്ട മേഖലകളിലും പ്രതിഫലിക്കുമ്പോഴാണ് ശാസ്ത്രം അതിന്റെ ദൗത്യം പൂർത്തിയാക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും കാസർകോട് കേന്ദ്ര സർവകലാശാലയും സ്വദേശി ശാസ്ത്ര പ്രസ്ഥാനവും ചേർന്നാണ് സ്വദേശി ശാസ്ത്ര കോൺഗ്രസ് സംഘടിപ്പിച്ചത്.

സ്വദേശി ശാസ്ത്ര പ്രസ്ഥാനം സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. കെ. മുരളീധരൻ അധ്യക്ഷത വഹിച്ചു. ആർ.എസ്.എസ് സൈദ്ധാന്തികനും ഭാരതീയ വിചാര കേന്ദ്രം ഡയറക്ടറുമായിരുന്ന പി. പരമേശ്വരനെ അനുസ്മരിച്ചാണ് ശാസ്ത്ര കോൺഗ്രസ് തുടങ്ങിയത്. ഈ വർഷം മുതൽ 'ഇന്ത്യൻ സയൻസ് ഹെറിറ്റേജ്' എന്ന പേരിലാണ് പി. പരമേശ്വരനെ അനുസ്മരിക്കാൻ പുതിയ സെഷൻ ആരംഭിച്ചത്. കൊച്ചി കുസാറ്റ് മുൻ പ്രഫസറായിരുന്ന പ്രഫ. വി.പി.എൻ. നമ്പൂതിരി പ്രഥമ അനുസ്മരണ പ്രഭാഷണം നിർവഹിച്ചു. കേരള ഫിഷറീസ് -സമുദ്ര പഠന സർവകലാശാല വൈസ് ചാൻസലർ പ്രഫ. എ. രാമചന്ദ്രൻ, കേരള കേന്ദ്ര സർവകലാശാല വൈസ് ചാൻസലർ ഡോ. ജി. ഗോപകുമാർ, കൊച്ചി സർവകലാശാല സ്കൂൾ ഓഫ് മെഡിസിൻ ആൻഡ് പബ്ലിക് ഹെൽത്ത് ഡീൻ ഡോ. രാജേന്ദ്ര പിലാങ്കട്ട എന്നിവർ വിശിഷ്ടാതിഥികളായി. സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. അനിത കരുൺ സ്വാഗതം പറഞ്ഞു.